# ടൂറിസത്തിന്റെ സാമ്പത്തിക ശാസ്ത്രം

(കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച)

ആവശ്യമായ പ്രചരണം നൽകുകയാണെങ്കിൽ ഇന്ത്യയ്ക്കകത്തും പുറത്തും നിന്ന് നിക്ഷേപകരെ കണ്ടെത്താനാവുമെന്നും ഇതുവഴി പശ്ചാത്തലസൗകര്യവികസനം സാധിക്കാം എന്നുമാണ് ഈ നയം പ്രധാനമായും ഊന്നുന്നത്. ഈ മേഖലകളിൽനിന്ന് സർക്കാർ പിൻവാങ്ങുക എന്നതാണ് ഇതിനർത്ഥം - ആഗോളവല്ക്കരണത്തിന്റേയും ഉദാരവല്ക്കരണത്തിന്റേയും ഒരു പൊതുസാഹചര്യത്തിൽ ഈ വീക്ഷണം ഏറെ പ്രാധാന്യമർഹിക്കുന്നു. മറ്റുമേഖലകളിൽ എന്നപോലെ, മൂന്നാം ലോകത്തിലെ വിഭവങ്ങളും ജനങ്ങളുടെ ശേഷിയും യഥേഷ്ടം ലാഭകരമായ വിധത്തിൽ ചൂഷണം ചെയ്യാനുള്ള അവസരമുണ്ടാക്കുകതന്നെയാണ് ഇവിടേയും സംഭവിക്കുന്നത്.

എന്തുകൊണ്ട് ഇത്രപെട്ടെന്ന് കേരളം അന്താരാഷ്ട്രശ്രദ്ധാ കേന്ദ്രമായി എന്ന അന്വേഷണം ഇവിടെ പ്രസക്തമാണ്. വികസിതരാജ്യങ്ങളിലും മറ്റുചില വികസ്വരരാജ്യങ്ങളിലും മൂലധനമിറക്കി ലാഭമുണ്ടാക്കാൻ കഴിയാതെവന്ന സാഹചര്യം ആഗോളതലത്തിലുണ്ട്. നിയന്ത്രണമില്ലാതെ വിദേശ-സ്വകാര്യ മൂലധനം ഇവിടെ വന്നിറങ്ങുമ്പോഴുണ്ടാകുന്ന സാമ്പത്തിക ചലനങ്ങൾ എന്തെല്ലാമെന്ന വിലയിരുത്തൽ വളരെ പ്രധാനമാണ്. ഇവിടെ മുതൽമുടക്കുന്നത് വിദേശ-സ്വദേശസ്വകാര്യസ്ഥാപനങ്ങൾ ആണെങ്കിലും യഥാർത്ഥത്തിൽ ഈ ധനം വരുന്നത് പൊതുസാമ്പത്തിക സ്ഥാപനങ്ങളിൽ (ബാങ്ക്, യു.ടു. ഐ.) നിന്നുതന്നെയാണ്. എന്നാലിതിന്റെ ലാഭം കൊണ്ടുപോകുന്നത് സ്വകാര്യമേഖലയുമാണ്.

ലോകടൂറിസത്തിന്റെ മൊത്തം വരുമാനത്തിൽ വെറും ഒന്നോ രണ്ടോ ശതമാനം വീതമാണ് ഏഷ്യ - ആഫ്രിക്ക വൻകരകളുടെ പങ്ക്. അമ്പതുശതമാനത്തിലേറെ യൂറോപ്പിൽ 30-40% വടക്കേ അമേരിക്കൻ ഭൂഖണ്ഡത്തിലേക്കുമാണ്. യഥാർത്ഥ പ്രകൃതി-സംസ്കാരാസ്വാദകരും ധനികരുമായ ടൂറിസ്റ്റുകളിൽ വലിയൊരു പങ്കും വികസിതരാജ്യങ്ങളിലേക്ക് തന്നെയാണ് പോവുന്നത്. എന്താണിതിനു കാരണം. കുറഞ്ഞ വരുമാനക്കാരും സെക്സ്-മയക്കുമരുന്ന് താല്പര്യങ്ങൾ ഉള്ളവരുമാണ് മൂന്നാം ലോകകേന്ദ്രങ്ങളിൽ എത്തുന്നത്. ലഭിക്കുന്ന വരുമാനത്തിന്റെ പങ്ക് ആർക്കെല്ലാമാണെന്ന പരിശോധനയും നടത്തേണ്ടതുണ്ട്.

## വ്യോമയാന മേഖല

അന്താരാഷ്ട്രടൂറിസത്തിന്റെ വരുമാനത്തിൽ വലിയൊരു പങ്കം വ്യോമയാനമേഖലയിലാണ്. ഈ വരുമാനം പ്രധാനമായും വിദേശവിമാനക്കമ്പനികൾക്കാണ്. ചാർട്ടേഡ് ടൂറിസവും മറ്റും യാതൊരു വിധത്തിലും തദ്ദേശീയ സംഭാവനയും നൽകുന്നില്ല. പൂർണ്ണമായും വിദേശത്തുവെച്ചുതന്നെ പൂർണ്ണമായ യാത്രാപരിപാടി തീരുമാനിക്കപ്പെടുന്നു. എത്രതന്നെ ശ്രമിച്ചാലും ഇന്ത്യയിലെ വ്യോമയാനകമ്പനികൾക്ക് ഇവരുമായി മൽസരിച്ചു നില്ക്കാൻ ബുദ്ധിമുട്ടാണ്. ഇന്ത്യൻ വിമാനക്കമ്പനികൾ (എയർ ഇന്ത്യയും ഇന്ത്യൻ എയർലൈൻസും) ഇപ്പോൾ വില്ക്കാൻ തയ്യാറായിരിക്കയാണ്. ടൂർ ഓപ്പറേറ്റർമാർ എന്ന വിഭാഗവും ഇന്ന് വൻകിട 'മാന്യമാഫിയ' എന്ന രൂപത്തിൽതന്നെ നിലനില്ക്കുകയാണ്. ചെറുകിടക്കാരെല്ലാം പിടിച്ചുനില്ക്കാനാവാതെ പിൻവലിയുന്നു. വിവരവിനിമയ സാധ്യതകൾ വളർന്നതിനാൽ പ്രാദേശികസഹായം ടൂറിസത്തിനാവശ്യമില്ല. ഹോട്ടലുകളുടെ കാര്യത്തിലും ഇതു പ്രസക്തമാണ്. ആ രംഗത്തും വൻതോതിൽ വിദേശമുതൽമുടക്ക് വരുന്നതിനാൽ ലാഭം അവർക്കു മാത്രമാവുന്നു.

അന്താരാഷ്ട്ര സാമ്പത്തിക വ്യൂഹത്തിലേക്ക് എടുത്തുചാടിയ എല്ലാ മൂന്നാംകിട ലോകരാജ്യത്തും സാമൂഹ്യവും രാഷ്ട്രീയവുമായ ഇടപെടൽ നടത്താൻ മൂലധനത്തെ ബഹുരാഷ്ട്രകമ്പനികൾ ഉപയോഗിക്കുന്നതിന്റെ ഒട്ടേറെ ഉദാഹരണങ്ങൾ നമ്മുടെ മുന്നിലുണ്ട്. ടൂറിസ്റ്റുകളെ പൂർണ്ണമായും തടഞ്ഞുകൊണ്ട് പല രാജ്യങ്ങളുടേയും സമ്പദ് വ്യവസ്ഥയും രാഷ്ട്രീയ സംവിധാനവും തകർക്കാൻ വികസിത രാജ്യങ്ങൾക്ക് കഴിയും.

## വികസനത്തിന്റെ നേട്ടമാർക്ക്?

എന്തൊക്കെ വിമർശനം പറഞ്ഞാലും ലാഭം ആർക്കായാലും നമ്മുടെ രാജ്യത്ത് പശ്ചാത്തല സൗകര്യങ്ങൾ വികസിക്കുമല്ലോ. ഇവിടെ നല്ല റോഡുകളും പാലങ്ങളും വിമാനത്താവളങ്ങളും ശുദ്ധമായ കുടിവെള്ളവും ധാരാളം വൈദ്യുതിയും ശുചീകരണസംവിധാനങ്ങളും നല്ല ഹോട്ടലുകളും ബീച്ചുകളുമുണ്ടാകുമല്ലോ. അതിന്റെ തെറിച്ചു വീഴുന്ന നേട്ടങ്ങൾ (Spin Off) നാട്ടുകാർക്കു കിട്ടുമല്ലോ എന്നെല്ലാം സാധാരണക്കാർ ചിന്തിച്ചുപോയാൽ അവരെ കുറ്റം പറയാനാവില്ല.

എന്നാൽ യഥാർത്ഥത്തിൽ ഇവിടെ സംഭവിക്കുന്നത് എന്താണ്? സ്വകാര്യമേഖല ലാഭത്തിനുവേണ്ടി ഈ സൗകര്യങ്ങൾ വികസിപ്പിക്കുമ്പോൾ, ഇതിന്റെ ചിലവും വിലയും ഏറെ വർദ്ധിക്കുകയും അതുവഴി സാധാരണ ജനങ്ങൾക്ക് അപ്രാപ്യമാവുകയും ചെയ്യുന്നു. പാലങ്ങളും റോഡുകളും ടോൾ നൽകി മാത്രം യാത്ര ചെയ്യാൻ കഴിയുന്നവയാക്കി മാറ്റുന്നു. കുടിവെള്ളം എന്നാൽ വിദേശടൂറിസ്റ്റിന് കുപ്പിവെള്ളമാണ്. ജനങ്ങൾക്ക് വേണ്ട കുടിവെള്ളം നൽകാൻ കഴിയാതെ വാട്ടർ അതോറിട്ടി ഇപ്പോൾ കുപ്പിവെള്ളരംഗത്തേക്ക് കടക്കുന്നത് ഇതിന്റെ ഒരു സൂചനയാണ്. ഇത്തരം വികസനപരിപാടികൾമൂലം ഒട്ടേറെ ദരിദ്രർക്ക് തങ്ങളുടെ പരമ്പരാഗതജീവിതോപാധികൾ നഷ്ടമാകുന്നു. കൂടുതൽ ദുരിതത്തിലേക്കവർ കൂപ്പുകുത്തും. വിമാനത്താവളങ്ങൾക്കായി പാടങ്ങൾ നികത്തപ്പെടുമ്പോഴും ഹോട്ടലുകൾക്കും പാർക്കുകൾക്കുംവേണ്ടി കടലോരവും കായലും വിൽക്കപ്പെടുമ്പോഴും ഇതുതന്നെ സംഭവിക്കുന്നു. സാധാരണമനുഷ്യർക്കു കൂടി അവകാശപ്പെട്ട ഈ സൗകര്യങ്ങൾ വിദേശികളായ ഒരു ന്യൂനപക്ഷത്തിനുവേണ്ടി സംവരണം ചെയ്യപ്പെടുകയാണിവിടെ.

ശുചീകരണവും മാലിന്യസംസ്കരണവും ഈ പ്രശ്നത്തിന്റെ നല്ലൊരു ദൃഷ്ടാന്തമാണ്. നഗരങ്ങൾ ശുചിയാക്കി വയ്ക്കുന്നതിനുവേണ്ടി മാലിന്യങ്ങളെല്ലാം തൊട്ടടുത്ത ഗ്രാമങ്ങളിലേക്ക് മാറ്റാൻ ശ്രമിക്കുന്നതിന്റെ ദുരന്തം ഇന്ന് കേരളത്തിലെ എല്ലാ നഗരങ്ങളിലും പട്ടണങ്ങളിലും കാണാം. ടൂറിസത്തിന്റെ ആർഭാടജീവിതശൈലി മാലിന്യങ്ങളുടെ അളവ് പലമടങ്ങ് വർദ്ധിപ്പിക്കുന്നു. വൈദ്യുതിരംഗത്തും സ്വകാര്യവല്ക്കരണവും സർക്കാർ നിയന്ത്രണമില്ലാതാകലും വഴി വില ക്രമാതീതമായി ഉയരുകയും നമ്മുടെ മറ്റ് ഉല്പാദന സംവിധാനങ്ങളാകെ തകരുകയും ചെയ്യുന്ന അനുഭവവും നമ്മുടെ മുൻപിലുണ്ട്. ടൂറിസം വരുത്തുന്ന പാരിസ്ഥിതിക വിനാശം പ്രത്യേകം ചർച്ചചെയ്യപ്പെടേണ്ടതാണ്. തലമുറകൾ അനുഭവിക്കാൻ അവകാശപ്പെട്ട പ്രകൃതിവിഭവങ്ങൾ താല്ക്കാലികലാഭത്തിനുവേണ്ടി വിനിയോഗിക്കപ്പെടുന്നത് ഭാവിക്ക് വൻ സാമ്പത്തികബാധ്യത വരുത്തിതീർക്കും എന്ന് തീർച്ച.

## ഈ വരുമാനം സുസ്ഥിരമോ?

പാരിസ്ഥിതികമായല്ലാതെ വെറും 'സാമ്പത്തിക' വീക്ഷണത്തിലൂടെ നോക്കിയാലും ഈ വരുമാനം സുസ്ഥിരമല്ലെന്നു മനസ്സിലാകും. ആഭ്യന്തര - അന്താരാഷ്ട്രരംഗത്തുണ്ടാകുന്ന ഏതു കുഴപ്പങ്ങളും ടൂറിസത്തെ ബാധിക്കും എന്നതിന് ഇന്നത്തോളം തെളിവുണ്ടായിട്ടുള്ള കാലമില്ല. സെപ്റ്റംബർ 11ലെ സംഭവത്തിന്ശേഷം ഏറ്റവും തകർച്ചയുണ്ടായ മേഖല വ്യോമയാനമാണ്. ബ്രിട്ടീഷ് എയർവേയ്സ് അടക്കമുള്ള വിമാനക്കമ്പനികളുടെ ഓഹരിവില വളരെയധികം കുറഞ്ഞു. വികസിതരാഷ്ട്രങ്ങളിൽ, വിമാനയാത്രക്കാരുടെ എണ്ണം ഗണ്യമായി കുറഞ്ഞു. ഇത് ഏറ്റവുമധികം ബാധിക്കുന്നത് ടൂറിസത്തെയാണ്. ഔദ്യോഗികമോ മറ്റോ ആയ ആവശ്യങ്ങൾക്ക് മാത്രം വിമാനയാത്ര എന്നായിരിക്കാം നയം - ടൂറിസം അനിവാര്യമായ ഒന്നല്ലല്ലോ.

ടൂറിസ്റ്റ് - കേന്ദ്രങ്ങളായിരുന്ന പല മൂന്നാംലോകരാജ്യങ്ങളും ഇതിനു മുൻപേതന്നെ ഈ രംഗത്ത് തളർച്ച നേരിട്ടവയാണ്താനും. വൻതോതിൽ കടം വാങ്ങി സാധാരണ മനുഷ്യർക്കു താങ്ങാനാവാത്ത വിധം ഉയർന്ന ചിലവിൽ പശ്ചാത്തലസൗകര്യങ്ങളൊരുക്കിയാൽ / ടൂറിസ്റ്റുകാർ വന്നില്ലെങ്കിൽ ഈ വികസനമാകെ ദുരന്തമായി മാറും. ഏറ്റവും പ്രകാശം സാമ്പത്തിക തകർച്ചയായിരിക്കും. സ്ഥാപിതതാല്പര്യക്കാരായ ബഹുരാഷ്ട്രമാധ്യമങ്ങൾ നടത്തുന്ന പ്രചരണം നമ്മുടെ രാഷ്ട്രീയ നേതാക്കളും മാധ്യമങ്ങളും ആവർത്തിച്ച് സമൂഹത്തെ ചതിക്കുഴിയിൽ വീഴ്ക്കണമോ? വിദേശിച്ച് സ്വർഗം പണിയാൻ നാട്ടുകാരെ നരകത്തിലാഴ്ക്കണമോ?

"ഞങ്ങൾക്ക് G N P (ദേശീയ മൊത്ത ഉല്പാദനം) വളർച്ചയല്ല വേണ്ടത്. ജി.എൻ.എച്ച്. (മൊത്ത ദേശീയ സന്തോഷം) (G.N.H.) ആണാവേണ്ടത് " എന്ന് ഭൂട്ടാനിലെ ജനകീയ പ്രതിരോധപ്രവർത്തകർ ടൂറിസത്തിനെതിരായി വിളിച്ച മുദ്രാവാക്യം നമ്മളും വിളിക്കേണ്ടിയിരിക്കുന്നു.

ജഗദീഷ് ടൈറ്റ്ലർ ടൂറിസം മന്ത്രിയായപ്പോൾ "കാസിനോകൾ വേണം" എന്നു പ്രഖ്യാപിച്ചു. "സ്പീഡുള്ള സംഗീതംവേണം ഇന്ത്യൻ ശാസ്ത്രീയസംഗീതം നൃത്തവും പറ്റില്ല. കാരണം അവർ തങ്ങളുടെ ഉപകരണങ്ങൾ ട്യൂൺ ചെയ്തു ശരിയാക്കാൻതന്നെ ഒരു മണിക്കൂറെടുക്കും - ഭയങ്കര ബോറ്--------" ഇത്തരത്തിലുള്ളവരാണ് സംസ്കാരിക വൈവിധ്യം, സാംസ്കാരിക സമ്പത്ത്, പ്രാചീന സാംസ്കാരിക സൂക്ഷിപ്പ് എന്നൊക്കെ പറയുന്നതും! ഇവർ ടൂറിസത്തിന്റെ നയരൂപീകരണരംഗത്തിരിക്കുമ്പോൾ മറ്റെന്തു പ്രതീക്ഷിക്കാൻ? ഇതുതന്നെയാണ് സംസ്ഥാനനയത്തിന്റേയും അടിസ്ഥാനം.

സി.ആർ.നീലകണ്ഠൻ നമ്പൂതിരി.